നം. A36/65108/2020

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്
കോഴിക്കോട്, തീയ്യതി,14/01/2021

## താൽപ്പര്യപത്രം

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ വക മാവൂർ റോഡിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള ബസ് കാത്തിരിപ്പ് കേന്ദ്രത്തിലുള്ള 11.99ച.മീ ഏരിയ വീതമുള്ള 9 കോളങ്ങളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് അംഗീകൃത സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു. 27/01/2021 ഉച്ചയ്ക്ക് ശേഷം 3.00 മണി വരെ താൽപ്പര്യപ്ത്രം സ്വീകരിക്കുന്നതാണ്.

## യോഗ്യതാ മാനദണ്ഡം

1) പരസ്യം/Event Management മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയം.
2) 10,000/-രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ്/EMD സമർപ്പിക്കേണ്ടതാണ്.
3) കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും ഒരു വർഷം turn over ഉണ്ടായിരി ക്കേണ്ടതാണ്.
4) വ്യക്തികൾ/സ്ഥാപനങ്ങൾ/കമ്പനികൾ എന്നിവർക്ക് പങ്കെടുക്കാവുന്നതാണ്.

## നിബന്ധനകൾ

1) സർക്കാരിന്റേയും നഗരസഭയുടേയും കാലാകാലങ്ങളിലെ നിബന്ധനകളും വ്യവസ്ഥകൾ ബാധകമാണ്.
2) മാവൂർ റോഡിലെ ബസ് കാത്തിരിപ്പ് കേന്ദ്രത്തിലുള്ള 11.99ച.മീ ഏരിയ വീതമുള്ള 9 കോളങ്ങളിൽ പരസ്യം പ്രദർശിപ്പിച്ച് പരിപാലിക്കുന്നതിന് മാത്രമാണ് താൽപ്പര്യപത്രം കാണിക്കുന്നത്.
3) 5 വർഷം കാലയളവിലേയ്ക്കാണ് അനുമതി നൽകുക
4) താൽപ്പര്യപത്രത്തിൽ ക്വാട്ട് ചെയ്യുന്ന വാർഷിക ലൈസൻസ് ഫീയിൽ ഓരോ വർഷവു 10% വർദ്ധനവ് വരുത്തുന്നതാണ്.
5) താൽപ്പര്യപത്രം നഗരസഭ അംഗീകരിക്കുന്ന മുറയ്ക്ക് ഒരു വർഷത്തെ ലൈസൻസ് ഫീ ഡെപ്പോസിറ്റായും, ലൈസൻസ്ഫീ എല്ലാ വർഷവും ഏപ്രിൽ മാസം 1-ാം തീയ്യതി അടവാക്കേണ്ടതാണ്. കൂടാതെ വാർഷിക ലൈസൻസ് ഫീസ് വർദ്ധനവിന് ആനുപാതികമായ തുക അധിക ഡിപ്പോസിറ്റായി അടവാക്കേണ്ടതാണ്.
6) സ്വന്തം ചെലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതാണ്.
7) ലൈസൻസ് ഫീ ഇനത്തിൽ കുടിശ്ശിക വരുത്തിയാൽ ആയതിൽ മേൽ വർഷത്തിൽ 1% പിഴ ഒടുക്കുന്നതാണ്.
8) ജി.എസ്.ടി, ഫ്ളഡ് സെസ്സ്, ഐ.ടി എന്നിവ നിയമാനുസൃതം അടവാക്കേണ്ടതാണ്.
9) മേൽ നിബന്ധനകൾ ഉൾക്കൊള്ളുന്ന നിശ്ചിത മാതൃകയിലുള്ള ഉടമ്പടി 200/-രൂപയുടെ മുദ്രപ്രത്തിൽ തയ്യാറാക്കി ഒപ്പ് വെച്ച് സമർപ്പിക്കേണ്ടതാണ്.

നിബന്ധനകളിൽ കാലികമായ മാറ്റം വരുത്തുന്നതിന് കൗൺസിലിന്റെ അധികാരമുണ്ടായിരിക്കുന്നതാണ്.

കോഴിക്കോട് കോർപ്പറേഷൻ
Non Tax
റവന്യൂ വിഭാഗം

സെക്രട്ടറി
**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ**

Js/14/01/2021